എസ്.ഇ3/500/2016-പൊഭവ
പൊതുഭരണ (സർവ്വീസസ് ഇ) വകുപ്പ്
തിരുവനന്തപുരം
തീയതി :28-11-2023

**APPENDIX H4**

**നോട്ടീസ്**

ശ്രീമതി. ബിന്ദു. റ്റി , കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II ( സൂപ്പർ ന്യൂമററി), പൊതുഭരണ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 27.09.2016 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തതിന് താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരമുള്ള ശിക്ഷണ നടപടി സ്വീകരിയ്ക്കാതിരിക്കുവാൻ കാരണം വ്യക്തമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള 16.12.2016 തീയതിയിലെ എസ്.ഇ3/500/2016-പൊഭവ കാരണംകാണിയ്ക്കൽ നോട്ടീസ് താങ്കൾ 11.04.2017 തീയതിയിൽ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടിയൊന്നും സമർപ്പിക്കുകയോ നേരിൽ കേൾക്കുന്നതിനായി പല തവണ നോട്ടീസ് നൽകിയെങ്കിലും അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെ ഹാജരാകുകയോ ചെയ്തിട്ടില്ലാത്തതുമാകുന്നു. മേൽ സാഹചര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിഗണിച്ച് പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II ( സൂപ്പർ ന്യൂമറി) ആയ ശ്രീമതി. ബിന്ദു . റ്റി യെ KCS (CC&A) Rules 1960, Rule 11 (1) (vii) പ്രകാരം സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ( Removal from Service ) ഉള്ള താൽക്കാലിക തീരുമാനം കൈക്കൊണ്ട് 12.10.2019 ലെ എസ്.ഇ3/500/2016-പൊഭവ നമ്പർ നോട്ടീസ് പ്രകാരം താങ്കളെ അറിയിച്ചുവെങ്കിലും ആയതിന്റെ കൈപറ്റ് രസീതോ മറുപടിയോ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനകം താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾക്ക് രേഖാമൂലമുള്ള എതിർവാദപത്രികയോ മറ്റ് വിശദീകരണമോ ലഭിയ്ക്കാത്തപക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിയ്ക്കാനില്ല എന്ന് നിഗമനത്തിൽ കെ.സി.എസ് & സി.സി.എ ചട്ടപ്രകാരം തുടർന്നുള്ള നടപടി സ്വീകരിയ്ക്കുന്നതാണ്. കുറ്റാരോപണവുമായി ബന്ധപ്പെട്ട വസ്തുതകളെ സംബന്ധിച്ചുള്ള പ്രമാണങ്ങളുടെ പകർപ്പ് ഓഫീസ് പ്രവർത്തി സമയങ്ങളിൽ ഹാജരായോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം രേഖപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചുകൊണ്ടോ ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം- ന്റെ ഓഫീസിൽ നിന്നും നിർദ്ദിഷ്ടസമയപരിധിയ്ക്കുള്ളിൽ താങ്കൾക്ക് ലഭ്യമാക്കാവുന്നതാണ്.

DILIP. C.D.
JOINT SECRETARY

ശ്രീമതി. ബിന്ദു. റ്റി,
വെട്ടുവിള പുത്തൻവീട്, പാച്ചല്ലൂർ,
തിരുവല്ലം. പി.ഒ, തിരുവനന്തപുരം

Forwarded / By order,

Signed by
Renjith M S
Date: 12-02-2024 16:26:11